ഹയർ സെക്കണ്ടറി തുല്യതാ കോഴ്സുകൾ

37(1088) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി തുല്യതാ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതലെന്നും പ്രസ്തുത പദ്ധതിയുടെ ഇതുവരെയുള്ള പുരോഗതിയും വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള പ്ലസ് ടുവും തുല്യതാ ഹയർസെക്കണ്ടറിയും പാസാകുന്നവർക്ക് തുടർ വിദ്യാഭ്യാസം, ഉദ്യോഗം, പ്രമോഷൻ, മൽസര പരീക്ഷ തുടങ്ങിയവയിലും തുല്യത ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) കൂടുതൽ പേർക്ക് അവസരം നൽകുന്നതിനായി കൂടുതൽ പഠന കേന്ദ്രങ്ങൾ അനുവദിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്. 1-2-2015 മുതലാണ് ആരംഭിച്ചത്. ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ (ഹ്യുമാനിറ്റീസ്, കൊമേഴ്സ്) പ്ലസ് വൺ രജിസ്ട്രേഷൻ പൂർത്തിയാവുകയും 14 ജില്ലകളിലും സമ്പർക്ക പഠന ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ യോഗ്യരും പരിചയസമ്പന്നരുമായ അദ്ധ്യാപകരെ തെരഞ്ഞെടുത്ത് ജില്ലാ തലങ്ങളിൽ വച്ച് പരിശീലനം നൽകി ഹയർ സെക്കണ്ടറി സമ്പർക്ക പഠന ക്ലാസ്സുകൾ ജില്ലാതലത്തിൽ നടത്തി വരികയും ചെയ്യുന്നുണ്ട്. ജില്ലകളിൽ 213 സമ്പർക്ക പഠന കേന്ദ്രങ്ങളിലായി 18368 പഠിതാക്കൾ ഹ്യുമാനിറ്റീസ്, കൊമേഴ്സ് എന്നീ ഗ്രൂപ്പുകളിൽ പഠനം നടത്തിവരുന്നു.

(ബി) ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് (ഒന്നാം വർഷം) ആരംഭിച്ചിട്ടേയുള്ളൂ.

(സി) പഠിതാക്കളുടെ എണ്ണം അനുസരിച്ച് അടുത്ത ബാച്ച് മുതൽ കൂടുതൽ പഠന കേന്ദ്രങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

സമഗ്ര വിദ്യാഭ്യാസ പദ്ധതി

38(1090) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഇനിയും നടപ്പാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയ തുക എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കൽപ്പറ്റ നിയോജക മണ്ഡലത്തിൽ സീമാറ്റ്-കേരളയുടെ ആഭിമുഖ്യത്തിൽ നിയോജക മണ്ഡലത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കായി ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ഒരു ആശയരൂപീകരണ ശില്പശാല നടത്തുകയും തുടർ പ്രവർത്തനമെന്ന നിലയിൽ സ്കൂളുകളെ സംബന്ധിച്ച് ഡേറ്റ ശേഖരണം നടത്തുകയും പൊതുവായ (ഭൗതികവും അക്കാഡമികവുമായ) ആവശ്യങ്ങൾ കണ്ടെത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിരുന്നു. കൂടാതെ സീമാറ്റ്-കേരളയുടെ ആഭിമുഖ്യത്തിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പ്രഥമാദ്ധ്യാപകർക്ക് (പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെ) മാനേജ്മെന്റ് പരിശീലനം നൽകുകയും മണ്ഡലത്തിൽ നടപ്പിലാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ പ്രോജക്ട് അവരെ പരിചയപ്പെടുത്തുകയും ചെയ്തിരുന്നു.

(ബി) ഓരോ പദ്ധതിക്കും പ്രത്യേകം തുക അനുവദിച്ചിട്ടില്ല. ബഹുമാനപ്പെട്ട എം.എൽ.എ.മാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ/എസ്.എസ്.എ ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ ധനസ്രോതസ്സുകൾ വിനിയോഗിച്ചാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിവരുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ അദ്ധ്യക്ഷന്മാരായ നിയോജകമണ്ഡലം സമിതിയുടെ നേതൃത്വത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലും മുനിസിപ്പൽ/പഞ്ചായത്ത് തലങ്ങളിലുള്ള കമ്മിറ്റികളുടെ നേതൃത്വത്തിലും സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആശയ രൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച മാനേജ്മെന്റ് പരിശീലനവും സീമാറ്റ്- കേരളയുടെ നേതൃത്വത്തിൽ നടപ്പിലാക്കി കഴിഞ്ഞു. ബാക്കി പ്രവർത്തനങ്ങൾ പ്രോജക്ടിൽ പറയും പ്രകാരം ബഹു. എം.എൽ.എ. ചെയർമാനായ നിയോജക മണ്ഡലം സമിതിയുടെയും മുനിസിപ്പൽ ചെയർമാൻ ചെയർമാനായ മുനിസിപ്പൽ കമ്മിറ്റിയുടെയും ഗ്രാമ പഞ്ചായത്തു പ്രസിഡന്റ് ചെയർമാനായ ഗ്രാമപഞ്ചായത്തു കമ്മിറ്റിയുടെയും നേതൃത്വത്തിലാണ് നടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly